# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 278 — 13.03.2018-ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിക്കുന്നതിന് കർമ്മപദ്ധതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതിരൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കത്തക്ക രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കുകയും ചെയ്യുക വഴി സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അക്രുവൽ ബെയ്സ്ഡ് ഡബിൾ എൻട്രി സിസ്റ്റം എന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണത്തിൽ വഹിച്ച പങ്ക് വിശദമാക്കുമോ; | (ബി) | അക്രുവൽ ബെയ്സ്ഡ് ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തുകളുടെ വരവുകളും ചെലവുകളും നീക്കിയിരുപ്പും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. യഥാർത്ഥ വരവുകൾ കണ്ടെത്തുന്നതു മൂലം നികുതി ചോർച്ച തടയുവാനും കൃത്യമായി നികുതികൾ പിരിച്ചെടുക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സാധിക്കുന്നു. വിവിധ ഫണ്ടുകളുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കുന്നതു മൂലം വികസന ക്ഷേമ പദ്ധതികൾക്ക് മതിയായ തുക വകയിരുത്തുവാനും കൂടാതെ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും സാധ്യമാകുന്നുണ്ട്. ഇതിനു പുറമേ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം വരുന്നതുമൂലം സാമ്പത്തിക വർഷം അവസാനിച്ചാലുടൻ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി വാർഷിക ഓഡിറ്റുകൾ യഥാസമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. |
| (സി) | സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനു പുറമെ എന്തെല്ലാം നടപടികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും സർക്കാർ നിഷ്കർഷിക്കുന്ന തരത്തിൽ സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സേവനങ്ങൾ എഴുതി പ്രദർശിപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ആയത് പ്രകാരം കൃത്യവും സമയബന്ധിതവുമായി സേവനങ്ങൾ നൽകി വരുന്നു. സേവനാവകാശ വിജ്ഞാപനം പുറപ്പെടുവിച്ചതിനു പുറമെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമാക്കുവാൻ ചുവടെ പറയുന്ന നടപടികൾ ഇ-ഗവണൻസ് സംവിധാനവുമായി ബന്ധപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.<br>**i)സേവന (സിവിൽ രജിസ്ട്രേഷൻ)** - ഓൺലൈൻ സംവിധാനത്തിലൂടെ ജനന മരണ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പാക്കേജ്<br>**ii)സേവന(പെൻഷൻ)** - സംസ്ഥാനത്തെ സാമൂഹ്യ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഇലക്ട്രോണിക് മണിയോർഡർ സംവിധാനത്തിലൂടെയും ഡി.ബി.ടി(ഡയറക്ട് ബെനഫിഷ്യറി ട്രാൻസ്ഫർ) മുഖേന ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയും നിർവഹിച്ചു വരുന്നു.<br>**iii)സാങ്കേതം** - കെട്ടിട പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം, ഇലക്ട്രോണിക്ക് രൂപത്തിൽ കെട്ടിട പെർമിറ്റ്/പൂർത്തീകരണ സർട്ടിഫിക്കറ്റ്/ഓക്കുപൻസി സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഉൾപ്പെടെയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ<br>**iv)സഞ്ചയ** - ഇ പെയ്മെന്റ് വഴി പ്രോപ്പർട്ടി ടാക്സ് അടവാക്കുന്നതിനുള്ള വെബ്സൈറ്റ്.<br><br>ആപ്ളിക്കേഷൻ സോഫ്റ്റ്‌വെയറുകൾക്കു പുറമെ ഇഗവേണൻസിനായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>**i)ഹോസ്പ്പിറ്റൽ കിയോസ്ക്ക്** - ആശുപത്രികൾ |

| | | | |
|---|---|---|---|
| | | | മുഖേനയുള്ള ജനന മരണങ്ങളുടെ തത്സമയ രജിസ്ട്രേഷൻ സംവിധാനം<br>**ii)ജനസേവനകേന്ദ്രങ്ങൾ-** പൊതുജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പണമിടപാടുകൾ നടത്തുന്നതിനുമുള്ള ആധുനിക കമ്പ്യൂട്ടർവൽകൃത കൗണ്ടർ സംവിധാനം. |

സെക്ഷൻ ഓഫീസർ